(ബി) അന്തർദേശീയ നിലവാരമുള്ള സ്ഥാപനമാക്കി ഇതിനെ മാറ്റാൻ ആവശ്യമായ എന്തൊക്കെ സജ്ജീകരണങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) അപകടകരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്ക് ഇത്തരം രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് ഇവിടെ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഈ സ്ഥാപനത്തിൽ ആധുനിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിൽ നിന്നും എന്തൊക്കെ സഹകരണങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൂർണ്ണതോതിൽ തുടങ്ങിയിട്ടില്ല.

(ബി) കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനമായി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ആരംഭമായി 1.38 കോടി രൂപയോളം മുടക്കി ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 20.52 ലക്ഷം രൂപ മുടക്കി അത്യാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.83 കോടിയുടെ ഒരു പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

(സി) പ്രാരംഭഘട്ടത്തിൽ കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ വച്ച് തൊഴിലാളികൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതാണ്. ആദ്യത്തെ ട്രെയിനിംഗ് ഒക്ടോബർ മാസം നടത്തുന്നതാണ്. രാസാപകടങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുംവേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഈ സെന്ററിലുണ്ട്.

(ഡി) കേന്ദ്ര തൊഴിൽ മന്ത്രാലയത്തിൽ നിന്നും യാതൊരുവിധ സഹായ സഹകരണങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായി 30 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

ഐ. ടി. മേഖലയിലെ ചൂഷണം

39 (5444) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ.ടി.മേഖലയിൽ നടക്കുന്ന തൊഴിലാളി ചൂഷണം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ. ടി. മേഖലയിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതിനും ക്ഷേമ വ്യവസ്ഥ നിർദ്ദേശിക്കുന്നതിനുമായി നിയമ നിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി കേന്ദ്ര ട്രേഡ് യൂണിയനുകളുമായും കമ്പനി ഉടമകളു മായും ചർച്ചനടത്തുമോ ;

(ഡി) ഐ. ടി. കമ്പനികളിൽ തൊഴിലാളികളെ പിരിച്ചു വിട്ടതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളുടെമേൽ തൊഴിൽ വകുപ്പിനുള്ള അധികാരങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇൻഫർമേഷൻ ടെക്നോളജി മേഖലയിലെ ജീവനക്കാർക്ക് മിനിമം കൂലി, ക്ഷേമപദ്ധതി എന്നിവ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) ഐ. ടി. കമ്പനികളിൽ തൊഴിലാളികളെ പിരിച്ചു വിട്ടതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യവസായ തൊഴിൽ തർക്ക നിയമമനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്പെഷ്യൽ സാമ്പത്തിക മേഖലയിൽ ഉൾപ്പെടാത്ത ഐ.ടി കമ്പനികളിൽ തൊഴിൽ നിയമങ്ങൾ ബാധകമായതിനാൽ പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതിന് തൊഴിൽ വകുപ്പിന് അധികാരമുണ്ട്.

രാഷ്ട്രസ്വാസ്ഥ്യ ബീമായോജന

40 (5445) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് രാഷ്ട്രസ്വാസ്ഥ്യ ബീമയോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് കേന്ദ്രം എത്ര കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചത് ; ഇതിൽ എന്തു തുക ഇതിനോടകം ചെലവഴിച്ചു ;

(ബി) ഈ തുക ഉപയോഗിച്ച് സംസ്ഥാനത്തെ എത്ര ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഇതിന്റെ ഗുണഭോക്താക്കൾ ആകുവാൻ കഴിഞ്ഞു ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly